<u>**15 -ാം കേരള നിയമസഭ**</u>

<u>**8 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3991**</u> <u>**03-03-2023 - ൽ മറുപടിയ്ക്ക്**</u>

<u>**ആലപ്പുഴ മെഡിക്കൽ കോളേജിൽ ട്രോമാ കെയർ സെന്ററിന്റെ നിർമ്മാണം**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പുതിയ ട്രോമാ കെയർ സെന്ററിന്റെ നിർമ്മാണം ആരംഭിച്ചത് ഏത് വർഷമാണെന്നും എത്ര കോടി രൂപയാണ് പ്രസ്തുത പദ്ധതിയ്ക്കായി അനുവദിച്ചതെന്നും അറിയിക്കാമോ; | (എ) | ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പുതിയ ട്രോമാ കെയർ സെന്ററിന്റെ നിർമ്മാണം ആരംഭിച്ചത് 2019 ലാണ്. പ്രസ്തുത പദ്ധതിയുടെ 1 മുതൽ 4 വരെ ഘട്ടങ്ങളിലേക്കായി 21,47,27,454/- രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ കരാർ ലഭിച്ചിട്ടുള്ളത് ആർക്കാണെന്നും നിർമ്മാണച്ചുമതല ആർക്കാണെന്നും അറിയിക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തിയുടെ കരാർ ലഭിച്ചിട്ടുള്ളത് ശ്രീ.അബ്ദുൾ വാഹിദ്. ജെ, ഇ.ജെ കൺസ്ട്രക്ഷൻസ്, കരുനാഗപ്പള്ളി, കൊല്ലം എന്ന വ്യക്തിക്കാണ്. ഈ കെട്ടിടത്തിന്റെ നിർമ്മാണച്ചുമതല കേരള സംസ്ഥാന പൊതുമരാമത്തു വകുപ്പ് കെട്ടിട വിഭാഗത്തിനാണ്. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പുരോഗതിയെക്കുറിച്ചും എത്ര ശതമാനം നിർമ്മാണം ഇതുവരെ പൂർത്തിയാക്കിയെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ; | (സി) | 1 മുതൽ 4 വരെ ഘട്ടങ്ങളിലെ തുക ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ 100% പൂർത്തീകരിച്ചിട്ടുണ്ട്. അഞ്ചാം ഘട്ടത്തിനായി 09.08.2021 ലെ ജി.ഒ (ആർ.റ്റി)നം. 1707/2021/ എച്ച് &എഫ്.ഡബ്ല്യൂഡി ഉത്തരവു പ്രകാരം 8 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവർത്തിയുടെ ദർഘാസ് നടപടികൾ പൊതുമരാമത്തു വകുപ്പ്, കെട്ടിട വിഭാഗം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പ്രവൃത്തിയുടെ അവശേഷിക്കുന്ന നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (ഡി) | 1 മുതൽ 4 വരെ ഘട്ടങ്ങളിലെ തുക ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ 100% പൂർത്തീകരിച്ചിട്ടുണ്ട്. അഞ്ചാം ഘട്ടത്തിനായി 09.08.2021 ലെ ജി.ഒ (ആർ.റ്റി)നം. 1707/2021/ എച്ച് &എഫ്.ഡബ്ല്യൂഡി ഉത്തരവു പ്രകാരം 8 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവർത്തിയുടെ ദർഘാസ് നടപടികൾ പൊതുമരാമത്തു വകുപ്പ്, കെട്ടിട വിഭാഗം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഇ) | പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണത്തിൽ എന്തെങ്കിലും തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തടസ്സങ്ങൾ | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | നീക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ